പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2168 — 11.03. 2020 ൽ മറുപടിക്ക്

**വൈദ്യുതി ചാർജ് വർദ്ധനവ്**

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിയ വൈദ്യുതി ചാർജ് വർദ്ധനവ് വഴി പ്രതി-വർഷം എത്ര രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്ത് റെഗുലേറ്ററി കമ്മീഷന്റെ 08.07.2019-ന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ (08.07.2019 മുതൽ) താരിഫ് പരിഷ്കരണത്തിലൂടെ 2019-20 സാമ്പത്തിക വർഷത്തിൽ 902.90 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ബി) ഏതെങ്കിലും റിപ്പോർട്ടിന്റെയോ പഠനത്തിന്റെയോ അടിസ്ഥാനത്തിലാണോ നിരക്ക് വർദ്ധിപ്പിച്ചത്; വിവരിക്കാമോ; | (ബി) വൈദ്യുതി നിയമം -2003, ദേശീയ താരിഫ് പോളിസി – 2016, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും അപ്പലേറ്റ് ട്രൈബ്യൂണൽ ഫോർ ഇലക്ട്രിസിറ്റിയുടെ പ്രസക്തമായ വിധി ന്യായങ്ങൾ, കേന്ദ്രഗവൺമെന്റിനു കീഴിലുള്ള ഊർജ്ജ മന്ത്രാലയം രാജ്യത്താകമാനമുള്ള വൈദ്യുതി താരിഫുകൾ ഏകീകരിക്കുന്നതിനും, ലഘൂകരിക്കുന്നതിനും വേണ്ടി പഠനം നടത്തുന്നതിന് നിയോഗിച്ച രണ്ട് വ്യത്യസ്ത കമ്മിറ്റികൾ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ്, കെ.എസ്.ഇ.ബി.ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ താരിഫ് പെറ്റീഷൻ സമർപ്പിച്ചത്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, ടി പെറ്റീഷനുമേൽ, പൊതുജനങ്ങളുടേയും, ഉപഭോക്താക്കളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും (സംസ്ഥാനത്തെ നാലു പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ വെച്ച് നടത്തിയ തെളിവെടുപ്പിലൂടെ) പരിഗണിച്ചും നിയമപരമായ ചട്ടക്കൂടിനകത്തുനിന്നുകൊണ്ടുമാണ്, വിവിധ വിഭാഗം ഉപഭോക്താക്കൾക്കു താരിഫ് ഷോക്കിനിട നൽകാത്ത വിധത്തിലുള്ള താരിഫ് പരിഷ്കരണം സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. |
| (സി) ഈ സർക്കാർ വന്നതിന് ശേഷം ആകെ എത്ര രൂപയാണ് ഒരു യൂണിറ്റ് വൈദ്യുതിക്ക് അധികമായി | (സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 16.08.2014 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധമുള്ള താരിഫ് പരിഷ്കരണമാണ് അവസാനമായി നടന്നത്. തുടർന്ന് 18.04.2017 മുതൽ പ്രാബല്യമുള്ള ഒരു താരിഫ് പരിഷ്കരണമാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ |

| | |
|---|---|
| ച്ചുമത്തിയത് എന്ന കാര്യം അറിയിക്കാമോ; | സ്വമേധയാ പുറപ്പെടുവിച്ച ഉത്തരവിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നത്.. തുടർന്ന്, 08.07.2019 മുതൽ പ്രാബല്യമുള്ള നിലവിലുള്ള താരിഫ് പരിഷ്കരണ ഉത്തരവ് നടപ്പിലാക്കി വരുന്നു. 16.08.2014-ലെ താരിഫ് പരിഷ്കരണ ഉത്തരവിലൂടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് 5.50 രൂപയാണ് ലഭിച്ചുകൊണ്ടിരുന്നത്. തുടർന്നുള്ള രണ്ട് താരിഫ് പരിഷ്കരണ ഉത്തരവിലൂടെ ആകെ യൂണിറ്റിന് 72 പൈസയാണ് അധികമായി ലഭിച്ചത്. |
| (ഡി) വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുമ്പോൾ ഉപഭോക്താക്കൾക്ക് ഏതെങ്കിലും തരത്തിലുള്ള അധിക സേവനം ലഭിക്കുമോ; വ്യക്തമാക്കാമോ? | (ഡി) സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതോൽപാദനം, മൊത്തം ആവശ്യകതയുടെ ഏകദേശം 30% മാത്രമേ വരുകയുള്ളൂ. ആയതിനാൽ, നിയന്ത്രണങ്ങളൊന്നും തന്നെ ഇല്ലാതെ (ലോഡ് ഷെഡിംഗ്, പവർകട്ട് മുതലായവ) ലഭ്യമാക്കുന്നതിന് വൈദ്യുതിവാങ്ങൽ ചെലവിൽ, വൈദ്യുതി വിപണിയിലുള്ള വ്യതിയാനങ്ങൾ പ്രകാരം, വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇത് വൈദ്യുതി താരിഫിൽ വർദ്ധനവ് വരുത്തുന്ന ഘടകമാണ്. കൂടാതെ മെച്ചപ്പെട്ട ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന്, ഉൽപാദന, പ്രസരണ, വിതരണ മേഖലകളിൽ വലിയ തോതിലുള്ള മുടക്കുമുതൽ ആവശ്യമായിട്ടുണ്ട്. പുനരുപയോഗ സ്രോതസ്സുകളുടെ വികസനം, ട്രാൻസ്ഗ്രിഡ്, ദ്യുതി മുതലായ പദ്ധതികൾ ഇതു മുന്നിൽ കണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നവയാണ്. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ സംസ്ഥാനത്തെ പ്രസരണ – വിതരണ സംവിധാനം അന്താരാഷ്ട്ര നിലവാരത്തിലെത്തുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നു ലഭ്യമായി വരുന്ന സേവനങ്ങൾ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി ഉപഭോക്താക്കളിലേക്ക് അതിവേഗം എത്തിക്കുക, മെച്ചപ്പെട്ട പരാതി പരിഹാര സംവിധാനങ്ങൾ (24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കാൾ സെന്റർ), ഗുണമേന്മയുള്ള വൈദ്യുതി കൃത്യതയോടെ എത്തിക്കുന്നതിനുള്ള മീറ്ററിംഗ് സംവിധാനം മുതലായവയ്ക്ക് അവശ്യം വേണ്ട മുടക്കുമുതൽ താരിഫിൽ പ്രതിഫലിക്കുന്നവയാണ്. |

സെക്ഷൻ ഓഫീസർ